പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5428 — 27.03.2018 ൽ മറുപടിയ്ക്ക്

## കർഷക ക്ഷേമനിധി ബോർഡ് രൂപീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ<br>ശ്രീ. കെ. രാജൻ<br>ശ്രീ. വി.ആർ. സുനിൽ കുമാർ | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് കർഷക ക്ഷേമനിധി ബോർഡ് രൂപീകരിക്കുന്നതിന് നീക്കമുണ്ടോ; എങ്കിൽ എന്നത്തേയ്ക്ക് നിലവിൽ വരുമെന്ന് വ്യക്തമാക്കുമോ; | എ) & ബി) & സി) & ഡി) & ഇ) & എഫ്) | കർഷക ക്ഷേമ ബോർഡ് രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. 60 വയസ്സ് പൂർത്തിയായ അംഗങ്ങൾക്ക് പെൻഷൻ നല്കുക, പിന്നോക്കം നിൽക്കുന്ന അംഗങ്ങൾക്ക്/ അംഗങ്ങളുടെ മക്കൾക്ക് വിവാഹ ധനസഹായം, ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള അംഗങ്ങളുടെ മക്കൾക്ക് വിദ്യാഭ്യാസത്തിനുള്ള ആനുകൂല്യം, കുടുംബ പെൻഷനും മരണാനന്തര ആനുകൂല്യങ്ങളും, അവശതാ പെൻഷൻ, ഇൻഷ്വറൻസ് പരിരക്ഷ തുടങ്ങിയ ആനുകൂല്യങ്ങളാണ് കർഷക ക്ഷേമ ബോർഡ് രൂപീകരണത്തിലൂടെ ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നത്. കർഷക ക്ഷേമനിധി ബോർഡിൽ അംഗത്വത്തിനുള്ള മാനദണ്ഡങ്ങൾ, ബോർഡിന്റെ വരുമാന മാർഗ്ഗങ്ങൾ, അംഗങ്ങൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ, ബോർഡിന്റെ ഘടന ഇവയെല്ലാം ഉൾപ്പെടുത്തിക്കൊണ്ടുള്ള കർഷക ക്ഷേമ ബോർഡിന്റെ കരട് ബിൽ സർക്കാരിന്റെ പരിഗണനയിലാണ്. ആയത് നിയമ വകുപ്പിന്റെയും ധനകാര്യ വകുപ്പിന്റെയും സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. നിയമസഭയിൽ അവതരിപ്പിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ അന്തിമ ഘട്ടത്തിലാണ്. |
| ബി) | പ്രസ്തുത കർഷക ക്ഷേമനിധി ബോർഡിൽ അംഗത്വത്തിനുള്ള മാനദണ്ഡങ്ങൾ അറിയിക്കുമോ; | | |
| സി) | ക്ഷേമനിധി ബോർഡ് നിലവിൽ വന്നാൽ അംഗങ്ങൾക്കും അവരുടെ ആശ്രിതർക്കും ഏതൊക്കെ തരത്തിലുള്ള ആനുകൂല്യങ്ങളാണ് ക്ഷേമനിധി ബോർഡ് മുഖേന ലഭ്യമാകുന്നതെന്ന് വ്യക്തമാക്കുമോ; | | |

ഡി) ക്ഷേമനിധി ബോർഡ് രൂപീകരിക്കുമ്പോൾ ബോർഡിന്റെ വരുമാനം ഏതൊക്കെ മേഖലകളിൽ നിന്നായിരിക്കുമെന്ന് വ്യക്തമാക്കുമോ;

ഇ) കർഷക ക്ഷേമനിധി ബോർഡിന്റെ ഘടന എപ്രകാരമായിരിക്കുമെന്ന് വ്യക്തമാക്കുമോ;

എഫ്) കർഷക ക്ഷേമനിധി ബോർഡ് കേരളത്തിലെ കർഷകരുടെ ക്ഷേമത്തിനും ഉന്നതിക്കും സർവ്വോപരി കാർഷികവൃത്തിയുടെ പുനരുദ്ധാരണത്തിനും ഏതൊക്കെ തരത്തിൽ സഹായകരമാകുമെന്ന് വ്യക്തമാക്കുമോ?

സെക്ഷൻ ഓഫീസർ